# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :834** **29.09.2016 ൽ മറുപടിക്ക്**

## സ്കൂളുകളിൽ സൗജന്യ യൂണിഫോം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>,, എൽദോസ് കുന്നപ്പിള്ളി<br>,,അൻവർ സാദത്ത്<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ | | | പ്രൊഫ:സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) | സ്കൂൾ തുറക്കുന്നതിന് മുൻപ് സർക്കാർ എയ്ഡഡ് സ്കൂളുകളിൽ സൗജന്യ യൂണിഫോം എത്തിക്കുമെന്ന പ്രഖ്യാപനം ഈ വർഷം പ്രാവർത്തിക മാക്കിയിട്ടുണ്ടോ? ഇല്ലെങ്കിൽ എത്ര കുട്ടികൾക്കാണ് ഇനി സൗജന്യ യൂണിഫോം നൽകാനുള്ളത് ; | എ) | 1 മുതൽ 8 വരെയുള്ള സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണതിനായുള്ള തുക നൽകിയിട്ടുണ്ട്. കൂടാതെ 22.09.16 സ.ഉ (കൈ) 160/16 പൊ.വി.വ പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ സർക്കാർ /എയിഡഡ് സ്കൂളുകളിലെ എല്ലാ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും APL/BPL വിത്യാസമില്ലാതെ 17.93 ലക്ഷം കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണം നടത്തുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. |
| ബി) | സൗജന്യ യൂണിഫോം പ്രഖ്യാപിത സമയത്ത് എത്തിക്കുവാൻ കഴിയാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ? | ബി) | ഈ അദ്ധ്യയനവർഷം തുടങ്ങിയതിനു ശേഷം 22.09.2016 ലെ സ.ഉ.(കൈ) നം.160/16 പൊ.വി.വ. പ്രകാരം APL/BPL വിത്യാസമില്ലാതെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ എല്ലാ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സൗജന്യ യൂണിഫോം വിതരണം നടത്താൻ അനുമതി നല്കിയിട്ടുണ്ട്. |
| സി) | ഏതുഫണ്ട് ഉപയോഗിച്ചാണ് സൗജന്യ യൂണിഫാം നൽകുന്നത് ഇതിന് ഈ വർഷം എത്ര കോടി രൂപ ചെലവായി; | സി) | എസ്.എസ്.എ. യുടെ കേന്ദ്ര ഫണ്ട് 60% ഉം സംസ്ഥാന ഫണ്ട് 40% ഉം ഉപയോഗിച്ച് സർക്കാർ സ്കൂളിലെ മുഴുവൻ പെൺകുട്ടികൾക്കും എ.പി.എൽ വിഭാഗം ഒഴികെയുള്ള ആൺകുട്ടികൾക്കും യൂണിഫോമിന് കുട്ടി ഒന്നിന് 400 രൂപ പ്രകാരം നൽകുന്നു. ഈ വർഷം 27 കോടി 51 ലക്ഷം രൂപ ഈ ഇനത്തിൽ ചെലവായിട്ടുണ്ട്. |

സെക്ഷൻഓഫീസർ